**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2467** **04-03-2025 - ൽ മറുപടിയ്ക്ക്**

**മുതലമട മാംഗോ ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മുതലമട മാംഗോ ഹബ്ബിന്റെ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2017-18 ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 103 ന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പായ കൃഷി വകുപ്പ്, 18-02-2019 ലെ സ.ഉ.(കൈ)നം.29/2019/കൃഷി ഉത്തരവ് പ്രകാരം, പദ്ധതി നിർവ്വഹണ ഏജൻസി ആയി INKEL നെ ചുമതലപ്പെടുത്തികൊണ്ടു ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, അതിൻപ്രകാരം 25-06-2020 ൽ ഇൻകെൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്‌ബിയിൽ സമർപ്പിക്കുകയും, ടി റിപ്പോർട്ട് കിഫ്‌ബി സാങ്കേതികാവലോകനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത DPR തൃപ്തികരമല്ലെന്ന് വിലയിരുത്തിയതിനെ തുടർന്ന് അത് പരിഹരിച്ച് നൽകുവാനായി ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി 20-09-2021 നു INKEL നു നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയും INKEL പ്രസ്തുത റിപ്പോർട്ടിനുള്ള മറുപടിയൊന്നും തന്നെ കിഫ്‌ബിയിൽ സമർപ്പിച്ചിട്ടില്ല. പദ്ധതിയുടെ അവലോകനം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് കിഫ്‌ബിയുടെ ധനാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. കിഫ്‌ബി INKEL നു സമർപ്പിച്ച സാങ്കേതികാവലോകന റിപ്പോർട്ടിന് മറുപടി ലഭ്യമാകുന്നതിനനുസരിച്ച മാത്രമേ കിഫ്‌ബിക്കു തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു . |
| (ബി) | പദ്ധതിക്കായി എത്ര തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | 2017-18 ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 103 ന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പായ കൃഷി വകുപ്പ്, 18-02-2019 ലെ സ.ഉ.(കൈ)നം.29/2019/കൃഷി ഉത്തരവ് പ്രകാരം, പദ്ധതി നിർവ്വഹണ ഏജൻസി ആയി INKEL നെ ചുമതലപ്പെടുത്തികൊണ്ടു ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, അതിൻപ്രകാരം 25-06-2020 ൽ ഇൻകെൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്‌ബിയിൽ സമർപ്പിക്കുകയും, ടി റിപ്പോർട്ട് കിഫ്‌ബി സാങ്കേതികാവലോകനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത DPR തൃപ്തികരമല്ലെന്ന് വിലയിരുത്തിയതിനെ തുടർന്ന് അത് പരിഹരിച്ച് |

| | | | |
|---|---|---|---|
| | | | നൽകുവാനായി ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി 20-09-2021 ന INKEL ന നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയും INKEL പ്രസ്തുത റിപ്പോർട്ടിനുള്ള മറുപടിയൊന്നും തന്നെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. പദ്ധതിയുടെ അവലോകനം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ ധനാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. കിഫ്ബി INKEL ന സമർപ്പിച്ച സാങ്കേതികാവലോകന റിപ്പോർട്ടിന് മറുപടി ലഭ്യമാകുന്നതിനനുസരിച്ചു മാത്രമേ കിഫ്ബിക്കു തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു . |

സെക്ഷൻ ഓഫീസർ